**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6459** **10-07-2024 - ൽ മറുപടിയ്ക്ക്**

**മൺപാത്ര തൊഴിലാളികളുടെ വാസസ്ഥലം നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പരമ്പരാഗതമായി മൺപാത്ര തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്നവർ താമസിക്കുന്ന കുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ വട്ടയക്കണ്ടി നഗറിന്റെ പുനരുദ്ധാരണത്തിന് സമർപ്പിച്ച പദ്ധതി അംഗീകരിച്ച് നഗറിന്റെ വികസനം യാഥാർത്ഥ്യമാക്കുമോ; വിശദമാക്കാമോ? | (എ) | പിന്നാക്ക വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളായ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതിയ്ക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കുംഭാര നഗർ അടിസ്ഥാന സൗകര്യ വികസന പദ്ധതി. ടി പദ്ധതിയുടെ 2022-23 സാമ്പത്തിക വർഷം വിജ്ഞാപനം ക്ഷണിച്ചതിൽ വട്ടയക്കണ്ടി ഉൾപ്പെടെയുള്ള 5 നഗറുകളുടെ അപേക്ഷകൾ ലഭ്യമായതിൽ നിന്നും വികസനമോ മെച്ചപ്പെട്ട ജീവിത നിലവാരമോ ഇല്ലാതെ പിന്നാക്കാവസ്ഥയിൽ കഴിയുന്ന 2 നഗറുകളെ തെരഞ്ഞെടുക്കുകയുണ്ടായി. ആയതിൽ വട്ടയക്കണ്ടി നഗർ ഉൾപ്പെടുന്നില്ല. ടി പദ്ധതിയിലേക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ വട്ടയക്കണ്ടി നഗറിന് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ